15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3187 | 01-03-2023 - ൽ മറുപടിയ്ക്ക്

പെരിന്തൽമണ്ണ സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്ങാടിപ്പുറം സർക്കാർ പോളിടെക്നിക് ഹോസ്റ്റൽ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പെരിന്തൽമണ്ണ സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം വാടക കെട്ടിടത്തിലേയ്ക്ക് മാറ്റാനിടയായ സാഹചര്യമെന്താണെന്നും ഇത് തിരികെ പോളിടെക്നിക് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്റർ പ്രവർത്തിച്ചിരുന്ന കെട്ടിടം ഒഴിഞ്ഞു നൽകുന്നതിനായി പോളിടെക്നിക് പ്രിൻസിപ്പൽ ആവശ്യപ്പെട്ട സാഹചര്യത്തിലും, പോളിടെക്നിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ അപകടാവസ്ഥ മുൻ നിറുത്തി പി.ഡബ്ല്യു.ഡി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുമില്ലാത്ത സാഹചര്യത്തിലുമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വാടക കെട്ടിടത്തിലേക്ക് മാറ്റിയത്. പോളിടെക്നിക് ക്യാമ്പസിൽ അനുയോജ്യമായ കെട്ടിടവും സ്ഥലസൗകര്യവും ലഭിക്കുന്ന മുറയ്ക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പെരിന്തൽമണ്ണ സെന്റർ മങ്കടയിൽ നിന്നും തിരിച്ച് അങ്ങാടിപ്പുറം പോളിടെക്നിക് ക്യാമ്പസിലേക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എന്തെല്ലാം കോഴ്സുകളാണ് നടത്തി വരുന്നതെന്നും എത്ര വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നതെന്നും കോഴ്സുകൾ വിജയിക്കുന്നവരിൽ എത്ര ശതമാനം പേർക്ക് ബന്ധപ്പെട്ട തൊഴിൽ രംഗത്ത് ജോലി ലഭിയ്ക്കുന്നുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് പ്രൊഡക്ഷൻ, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ എന്നീ നാലു കോഴ്സുകളിലായി 140 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. ഇവിടെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും നിലവിൽ കോഴ്സിന്റെ ഭാഗമായി മുൻ നിര സ്റ്റാർ ഹോട്ടലുകളിൽ ട്രെയിനിംഗിന് അയയ്ക്കുന്നുണ്ട്. ചില വിദ്യാർത്ഥികൾക്ക് ആ ഹോട്ടലുകളിൽ തന്നെ ജോലി ലഭിക്കുന്നുമുണ്ട്. ജോലി ലഭിക്കണമെന്ന് താൽപ്പര്യപ്പെടുന്ന യോഗ്യരായ എല്ലാ വിദ്യാർത്ഥികൾക്കും ഹോട്ടലുകളിൽ ജോലി ലഭിക്കുന്നതിനുള്ള ഇന്റർവ്യൂ അവസരം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ